جامعة الوفاء

(بـ"تنسيق الكليات الإسلامية")

# SYLLABUS


COORDINATION OF ISLAMIC COLLEGES - CIC

HO: Wafa Campus, Pang South PO, Kolathur via. Malappuram, PIN: 679338 Kerala, India. Email: info@wafycic.com, Web: wafycic.com

## ഘടന

| | |
|---|---|
| ഫൗണ്ടേഷൻ | **3 വർഷം** ഹൈസ്കൂൾ (8, 9, 10 ക്ലാസുകൾ) പഠനത്തോടൊപ്പം ഇസ്ലാമിക ശിക്ഷണത്തിനും സ്വഭാവരൂപീകരണത്തിനും ലൈഫ് സ്കിൽസ് ഡവലപ്പിംഗിനും ഊന്നൽ നൽകുന്നു. |
| തംഹീദിയ്യ | **2 വർഷം** ഏകദേശം പൂർണ്ണമായി ഭാഷാപഠനത്തിനു മാറ്റി വെക്കുന്നു. കേൾവി, സംസാരം, വായന, എഴുത്ത് (LSRW) എന്നീ ഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിലായിരിക്കും ഈ ഘട്ടത്തിൽ ഊന്നൽ. |
| ഡിഗ്രി | **4 വർഷം** രണ്ട് പ്രോഗ്രാമുകളായി തിരിച്ചിരിക്കുന്നു: 1) പ്രൈം, 2) അഡ്വാൻസ്ഡ് |
| പി.ജി | **2 വർഷം** 3 ഫാക്കൽറ്റികളും 6 ഡിപ്പാർട്ട്മെന്റുകളുമാക്കി തിരിച്ചിരിക്കുന്നു |

| ഘട്ടം | പ്രോഗ്രാം | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
|---|---|---|---|---|
| പ്രിപ്പറേറ്ററി | ഫൗണ്ടേഷൻ | മൂന്ന് വർഷം | 8ാം ക്ലാസ് പ്രവേശന യോഗ്യത, മദ്രസ അഞ്ചാം തരം/ തത്തുല്യം, 14 വയസ്സ് കവിയരുത് | സ്കൂൾ 8, 9, 10 ക്ലാസുകൾ |
| | തംഹീദിയ്യ | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം, 17 വയസ്സ് കവിയരുത് | +2 (സയൻസ്/ കൊമേഴ്സ്/ ഹ്യുമാനിറ്റീസ്) |
| | പ്രൊഫഷണൽ | | | പ്ലസ്ടു (ബയോളജി സയൻസ്+ NEET കോച്ചിംഗ്) |
| ഡിഗ്രി | പ്രൈം | നാല് വർഷം (എട്ട് സെമസ്റ്റർ) | 55% മാർക്കോടെ തംഹീദിയ്യ/ പ്രൊഫഷണൽ/ തത്തുല്യം, +2 | യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി |
| | അഡ്വാൻസ്ഡ് | | | |

| ഘട്ടം | പ്രോഗ്രാം | Period | Qualification |
|---|---|---|---|
| പി.ജി | Quran and Hadith | രണ്ട് വർഷം (നാല് സെമസ്റ്റർ) | 55% മാർക്കോടെ ആലിയ ബിരുദം, യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി |
| | Theology | | |
| | Family Jurisprudence | | |
| | Transactional Jurisprudence | | |
| | Arabic Language and Literature | | |
| | History and Civilization | | |


Preparatory



# ഫൗണ്ടേഷൻ

ഹൈസ്കൂൾ (8, 9, 10 ക്ലാസുകൾ) പഠനത്തോടൊപ്പം ഇസ്ലാമിക ശിക്ഷണത്തിനും സ്വഭാവരൂപീകരണത്തിനും ലൈഫ് സ്കിൽസ് ഡവലപ്പിംഗിനും ഊന്നൽ നൽകുന്ന ഈ സ്ട്രീമിൽ അറബി, ഇംഗ്ലീഷ് ബാലസാഹിത്യ പഠനം, LSRW, ധർമ്മ പാഠങ്ങൾ എന്നിവ നൽകും. SSLC ക്ക് ശേഷം തംഹീദിയ്യ (പ്രിപ്പറേറ്ററി) കോഴ്സും, +2 (സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കോഴ്സും സമന്വയിച്ചു നൽകും. (അർഹരെ പ്രൊഫഷണലിനു പരിഗണിക്കും).

| പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
|---|---|---|---|
| അറബി, ഇംഗ്ലീഷ് ഭാഷകളിലെ ബാലസാഹിത്യം, LSRW, ധർമ്മ പാഠങ്ങൾ, ലൈഫ് സ്കില്ലുകൾ, അഭിരുചി (ആപ്റ്റിറ്റ്യൂഡ്) നിർണ്ണയം, ഫോക്കസ്ഡ് ട്രൈനിംഗ് (കമ്മ്യൂണിക്കേഷൻ, ക്രിയേറ്റീവ്, മാനേജിംഗ് സ്കില്ലുകൾ). | മൂന്ന് വർഷം | 8ാം ക്ലാസ് പ്രവേശന യോഗ്യത, മദ്രസ അഞ്ചാം തരം/ തത്തുല്യം, 14 വയസ്സ് കവിയരുത് | സ്കൂൾ 8,9,10 ക്ലാസുകൾ |




# തംഹീദിയ്യ

കേൾവി, സംസാരം, വായന, എഴുത്ത് (LSRW) എന്നീ ഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന ദ്വിവർഷ കോഴ്സാണ് തംഹീദിയ്യ. ഇതിനായി സ്മാർട്ട് ക്ലാസ് റൂമുകളും ഓഡിയോ വിഷ്വൽ ലാബും ബാലസാഹിത്യ ലൈബ്രറിയും വിപുലമായി ഉപയോഗിക്കുന്നു. ഫീൽഡ് സ്റ്റഡി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. വിഷയ പഠനത്തിനു ഭാഷ സൃഷ്ടിക്കുന്ന തടസ്സം നീക്കുന്നതാണ് ഈ പുതിയ രീതി. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് മുഖേന പഠിതാക്കളുടെ അഭിരുചികൾ തിരിച്ചറിഞ്ഞായിരിക്കും പാഠ്യേതര പരിശീലനങ്ങൾ നൽകുന്നത്. എഴുത്തും പ്രസംഗവും മാത്രമല്ല നേതൃപരിശീലനം, ആശയ വിനിമയ ശേഷി വികസനം, സർഗാത്മക ശേഷികൾ, മനഃശാസ്ത്രാഭിമുഖ്യം തുടങ്ങിയ പ്രയോജനകരമായ മറ്റു ശേഷികളും ശ്രദ്ധാപൂർവ്വം ഈ ഘട്ടത്തിൽ പരിപോഷിപ്പിക്കുന്നു. അദ്ധ്യാത്മിക ധർമ്മ പാഠങ്ങൾ ഊന്നലോടെ നൽകും. ഭാഷാശേഷികളുടെ വികസനത്തിന് ഉപയോഗിക്കുന്ന മാധ്യമങ്ങൾ സോദ്ദേശ്യം അതിനുപയോഗിക്കും. ആരാധനാവിധികളും മറ്റു അത്യാവശ്യ നിയമങ്ങളും (ഫിഖ്ഹ്) പ്രായോഗികമായി പഠിപ്പിക്കുന്നു. യു.എൻ ലിസ്റ്റ് ചെയ്ത ലൈഫ് സ്കിൽ പരിശീലനങ്ങളും നൽകുന്നു.

| പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
| --- | --- | --- | --- |
| നഹ്വ് (ഗ്രാമർ), സ്വർഫ് (മോർഫോളജി), LSRW (കേൾവി, സംസാരം,വായന, എഴുത്ത് എന്നീ നാല് വഴികളിലൂന്നി പഠനം), ധർമ്മ പാഠങ്ങൾ, ഹിന്ദി, ഇംഗ്ലീഷ്, ഉർദു ഭാഷകൾ, പ്രാക്ടിക്കൽ ഫിഖ്ഹ്, ലൈഫ് സ്കിൽസ്, ഫിനിഷിംഗ്... | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം, 17 വയസ്സ് കവിയരുത് | +2 (സയൻസ്/ കൊമേഴ്സ്/ ഹ്യുമാനിറ്റീസ്) |



# പ്രൊഫഷണൽ

ഇസ്ലാമിക ചിന്ത, മാനവിക-ധർമ്മ പാഠങ്ങൾ എന്നിവകളിലൂന്നുന്ന, പ്രത്യേകം തയ്യാറാക്കപ്പെടുന്ന വാഫി വഫിയ്യ സിലബസിനോടൊപ്പം പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്ന ഭൗതിക മത സമന്വിത കോഴ്സാണ് വാഫി വഫിയ്യ പ്രൊഫഷണൽ. ഈ മോഡിലൂടെ തംഹീദിയ്യ (+2) പൂർത്തിയാക്കുന്നവർക്ക് വാഫി വഫിയ്യ അഡ്വാൻസ്ഡ് (ഡിഗ്രി) പഠന സൗകര്യമൊരുക്കും. മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും മറ്റും അഡ്മിഷൻ ലഭിക്കുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി ഹൈബ്രിഡ് മോഡിൽ ഇംഗ്ലീഷ് മീഡിയത്തിൽ ഡിഗ്രി പഠിക്കാനുള്ള അവസരം ഏർപ്പെടുത്തും. കോമൺ എൻട്രൻസ് പരീക്ഷക്ക് പുറമെ പ്രത്യേക ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും ഈ കോഴ്സിലേക്കുള്ള പ്രവേശനം.

| പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
|---|---|---|---|
| ധർമ്മ പാഠങ്ങൾ, കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം, പ്രാക്ടിക്കൽ ഫിഖ്ഹ്, ഫങ്ഷണൽ അറബിക് | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം, 17 വയസ്സ് കവിയരുത് | പ്ലസ്ടു (ബയോളജി സയൻസ്+ NEET കോച്ചിംഗ്) |



# പ്രൈം

യു.ജി.സി അംഗീകരിക്കുന്ന യൂണിവേഴ്സിറ്റി ഡിഗ്രിക്കൊപ്പം ആഴത്തിലുള്ള ഇസ്ലാമിക പഠനത്തിനു ഊന്നൽ നൽകുന്ന ഉന്നത കോഴ്സാണിത്. വിവിധ ഇസ്ലാമിക വിഷയങ്ങളിൽ അഗാധ പാണ്ഡിത്യമുള്ള വരെ സൃഷ്ടിക്കലാണ് ഇതിന്റെ ലക്ഷ്യം. പാരമ്പര്യ ആധുനിക ഇസ്ലാമിക ജ്ഞാനങ്ങളുടെ സമഗ്രമായ പഠനം ഇവിടെ നടക്കും. പ്രിപ്പറേറ്ററി ഘട്ടത്തിൽ ഉയർന്ന പഠനശേഷിയും മികവും തെളിയിക്കുകയും വ്യത്യസ്ത തലങ്ങളിലും ഘട്ടങ്ങളിലും നടത്തപ്പെടുന്ന കണിശമായ സ്ക്രീനിങ്ങിലൂടെ കടന്നു വരികയും ചെയ്യുന്നവർക്ക് മാത്രമാണിത് നൽകപ്പെടുന്നത്.

| പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
|---|---|---|---|
| ഖുർആൻ, ഖുർആൻ നിദാന ശാസ്ത്രം, തഫ്സീർ, ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, കർമ്മ ശാസ്ത്രം, കർമ്മ ശാസ്ത്ര നിദാന ശാസ്ത്രം, നിയമ നിർമ്മാണ ചരിത്രം, അഖീദ, തർക്ക ശാസ്ത്രം, തസ്വവ്വുഫ്, മതങ്ങളും ഇസങ്ങളും, ഗ്രാമർ, അറബി സാഹിത്യ പഠനങ്ങൾ, അലങ്കാര ശാസ്ത്രം, സാഹിത്യ വിമർശനം, ചരിത്രം, റീസണിംഗ് മെത്തേഡ്സ്, റിസർച്ച് മെത്തഡോളജി, ഫങ്ഷണൽ അറബിക്, ഉർദു, മാതൃഭാഷ, ഇംഗ്ലീഷ്, ഹോം സയൻസിന്റെ അവശ്യഭാഗങ്ങൾ, ഐ.ടി സാക്ഷരത, കോഡിംഗ്, തിരഞ്ഞെടുക്കപ്പെടുന്ന കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം, ലൈഫ് സ്കിൽ & ഫിനിഷിംഗ് | നാല് വർഷം (എട്ട് സെമസ്റ്റർ) | 55% മാർക്കോടെ തംഹീദിയ്യ/ തത്തുല്യം, +2 | യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി |




# അഡ്വാൻസ്ഡ്

ഇസ്ലാമിക പഠനത്തോടൊപ്പം, യു.ജി.സി അംഗീകരിക്കുന്ന യൂണിവേഴ്സിറ്റി ഡിഗ്രി തുല്യ പരിഗണനയോടെ പഠിപ്പിക്കപ്പെടുന്ന കോഴ്സാണിത്. ഇസ്ലാമിനെ യുക്ത്യാനുസൃതമായും സൈദ്ധാന്തികമായും ഗ്രഹിക്കുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടി വിപുലപ്പെടുത്തുകയാണ് ലക്ഷ്യം. ഇതിനു വേണ്ടി പുതുതായി വികസിപ്പിച്ച രീതികൾ സ്വീകരിക്കും. അതനുസരിച്ച് ഇസ്ലാമിക നിയമങ്ങൾ പ്രായോഗിക ജീവിതത്തിൽ അനിവാര്യമായ അളവിൽ പഠിപ്പിക്കും. ഗ്രാഹ്യ ശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി പഴയതും പുതിയതുമായ അധ്യാപന രീതിശാസ്ത്രങ്ങൾ അവലംബിക്കും. കർമ്മശാസ്ത്ര നിദാന ശാസ്ത്രത്തിന്റെ അനുയോജ്യ ഭാഗങ്ങൾ ലളിതമായി പരിചയപ്പെടുത്തും. ഖുർആൻ, ഹദീസ് വിഷയാധിഷ്ഠിതമായി തെരഞ്ഞെടുത്ത് പഠിപ്പിക്കും. ധാർമ്മിക-മാനവികജ്ഞാനങ്ങൾക്ക് ഊന്നൽ നൽകും. ആവർത്തനം കുറയ്ക്കും.

| പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
|---|---|---|---|
| ഖുർആൻ, ഹദീസ്, അഖീദ, കർമ്മ ശാസ്ത്രം, ഫിഖ്ഹ് നിദാന ശാസ്ത്രം, ഉർദു & ഹിന്ദി, തെരഞ്ഞെടുക്കപ്പെടുന്ന കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം, റീസണിംഗ് മെത്തേഡ്സ്, ലൈഫ് സ്കിൽ & ഫിനിഷിംഗ്, ഹോംസയൻസിന്റെ അവശ്യഭാഗങ്ങൾ. | നാല് വർഷം (എട്ട് സെമസ്റ്റർ) | 55% മാർക്കോടെ തംഹീദിയ്യ/ തത്തുല്യം, +2 | യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി |



# പി.ജി

Quran and Hadith, Theology, Family Jurisprudence, Transactional Jurisprudence, Arabic Language and Literature, History and Civilization എന്നീ 6 ഡിപ്പാർട്ട്മെന്റുകളാണ് പി.ജി ഘട്ടത്തിലുള്ളത്.

| ഫാക്കൽറ്റി | ഡിപ്പാർട്ട്മെന്റ് | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | അനുബന്ധം |
|---|---|---|---|---|---|
| ഉസൂലുദ്ദീൻ | Quran and Hadith | ഖുർആൻ വ്യാഖ്യാനം, ഉലൂമുൽ ഖുർആൻ, ഖുർആനിന്റെ അമാനുഷികത, വ്യാഖ്യാനങ്ങളുടെ രീതി ശാസ്ത്രം, ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, ഹദീസ് ടെർമിനോളജി, ഹദീസിന്റെ അമാനുഷികത, ഹദീസ് പണ്ഡിതരുടെ രീതി ശാസ്ത്രം, ഹദീസ് നിരൂപണം, സേർച്ചിംഗ്, ആരോപണങ്ങൾക്കു മറുപടി, പ്രമാണങ്ങളെ കുറിച്ചുള്ള പഠനങ്ങൾ, ഇതര ചിന്തകളുടെ വിമർശന പഠനം, ഫിഖ്ഹുൽ ഖുർആൻ, ഫിഖ്ഹുൽ ഹദീസ്, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | രണ്ട് വർഷം (നാല് സെമസ്റ്റർ) | 55% മാർക്കോടെ ആലിയ ബിരുദം, യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി | മനഃശാസ്ത്രം, പ്രബോധന രീതി ശാസ്ത്രം, ടീച്ചിംഗ്, റിസർച്ച് മെത്തേഡ്സ്, ബിഹേവിയറൽ സൈക്കോളജി, (പ്രീ മാരിറ്റൽ, ഡി-അഡിക്ഷൻ), ഡിസേർട്ടേഷൻ, ലൈഫ് സ്കിൽ & ഫിനിഷിംഗ് |
| | Theology | അഖീദ, സമകാലിക പ്രത്യയശാസ്ത്രം, മത താരതമ്യ പഠനം, ചിന്തകളും ഇസങ്ങളും, തർക്കശാസ്ത്രം, തത്വ ശാസ്ത്രം, സംവാദ നിയമങ്ങൾ, ആരോപണങ്ങൾക്ക് മറുപടി, ചിന്താ പ്രസ്ഥാനങ്ങൾ, ഇസ്ലാമിക പ്രസ്ഥാനങ്ങൾ, തസ്വവ്വുഫ്, ഇതര ചിന്തകളുടെ വിമർശന പഠനം, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം, റീസണിംഗ് മെത്തേഡ്സ്. | | | |
| ശരീഅഃ | Family Jurisprudence | നിയമം, വ്യക്തി നിയമം, ഫിഖ്ഹ് നിദാന ശാസ്ത്രം, ന്യൂനപക്ഷ ഫിഖ്ഹ്, ആധുനിക പ്രശ്നങ്ങൾ, കുടുംബ കർമ്മ ശാസ്ത്രം (താരതമ്യ പഠനം), ക്രിമിനൽ നിയമങ്ങൾ (താരതമ്യ പഠനം), കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | രണ്ട് വർഷം (നാല് സെമസ്റ്റർ) | 55% മാർക്കോടെ ആലിയ ബിരുദം, യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി | മനഃശാസ്ത്രം, പ്രബോധന രീതി ശാസ്ത്രം, ടീച്ചിംഗ്, റിസർച്ച് മെത്തേഡ്സ്, ബിഹേവിയറൽ സൈക്കോളജി, (പ്രീ മാരിറ്റൽ, ഡി-അഡിക്ഷൻ), ഡിസേർട്ടേഷൻ, ലൈഫ് സ്കിൽ & ഫിനിഷിംഗ് |
| | Transactional Jurisprudence | വിനിമയങ്ങളുടെ കർമ്മ ശാസ്ത്രം, ഫിഖ്ഹ് നിദാന ശാസ്ത്രം, ഫിഖ്ഹ് നിയമങ്ങൾ, ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം, ഇസ്‌ലാമിക് ബാങ്കിംഗ്, ആധുനിക പ്രശ്നങ്ങൾ, വിനിമയങ്ങളുടെ കർമ്മ ശാസ്ത്രം (താരതമ്യ പഠനം), ക്രിമിനൽ നിയമങ്ങൾ (താരതമ്യ പഠനം), കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | | | |
| ലാംഗ്വേജ് & കൾച്ചർ | Arabic Language and Literature | സാഹിത്യ ചരിത്രം, ഗ്രാമർ, സാഹിത്യ പഠനങ്ങൾ, നിരൂപണം, വിവ ർത്തനം, അലങ്കാര ശാസ്ത്രം, വൃത്താലങ്കാരം, ആധുനിക സാഹിത്യ പ്രവണതകൾ, ഭാഷാ ശാസ്ത്രം, ഖുർആനിക സാഹിത്യം, ഹദീസ് സാഹിത്യം, ഫിഖ്ഹ് സാഹിത്യം, സൂഫി സാഹിത്യം, പ്രൊജക്ട്, ലിറ്ററി വർക്ക്, സ്വരശാസ്ത്രം, കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം | | | |
| | History and Civilization | ചരിത്രത്തിന്റെ ചരിത്രം, ഇസ്‌ലാമിക്, അമവി അബ്ബാസി കാലഘട്ടങ്ങൾ, ഓട്ടോമൻ കാലം, സ്പെയിൻ ചരിത്രം, ഇസ്ലാമിക രാഷ്ട്രം, ഇന്ത്യാ ചരിത്രം, സ്വതന്ത്ര ഭരണകൂടങ്ങൾ, ഇസ്ലാമിക സംസ്കാരം, ആരോപണങ്ങൾക്കു മറുപടി, ലോക ചരിത്രം, പ്രവാചകന്മാരുടെ ചരിത്രം, കേരളത്തിലെ മുസ്‌ലിം നവോത്ഥാന നായകന്മാരെ കുറിച്ചുള്ള പഠനം, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം | | | |

## ആക്സിലറേറ്റഡ് ഡിഗ്രി

പ്രൈം, അഡ്വാൻസ്ഡ് ഡിഗ്രികളുടെ ഇസ്ലാമിക് പാർട്ടിൽ കൂടുതൽ പഠന ശേഷിയും മികവും തെളിയിക്കുന്നവർക്ക് ലെവലുകൾ നേരത്തെ പഠിച്ചു തീർത്തു കടന്നു പോകാൻ ആക്സിലറേറ്റഡ് ഡിഗ്രി സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## Add-on കോഴ്സുകൾ

വാഫി വഫിയ്യ കോഴ്സുകളുടെ ഡിഗ്രി പി.ജി തലങ്ങളിൽ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ അക്കാദമിക്, തൊഴിൽ താല്പര്യങ്ങളനുസരിച്ച് വ്യത്യസ്ത Add-on സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും ചെയ്യാനുള്ള അവസരമുണ്ടാവും. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഓഫീസ് ആൻഡ് ബിസിനസ് അഡ്മിനിസ്ട്രേഷൻ, ഡാറ്റാ സയൻസ്, ഗ്രാഫിക് ഡിസൈനിങ്, ഡിജിറ്റൽ മാർക്കറ്റിംഗ്, കോഡിംഗ്, അക്കൗണ്ടിംഗ് ആൻഡ് ടാലി, ഇന്റർനാഷണൽ ഫിനാൻസ് മുതലായവയുടെ വിശാല പൂളിൽ നിന്ന് പഠിതാക്കൾക്ക് അനുയോജ്യമായവ തെരഞ്ഞെടുക്കാവുന്നതാണ്.

## NCPUL

പഠന കാലയളവിൽ കേന്ദ്ര സർക്കാർ NCPUL ന്റെ ദ്വിവർഷ ഫങ്ഷണൽ അറബി കോഴ്സും ഏക വർഷ ഫങ്ഷണൽ ഉർദു കോഴ്സും നേടാൻ സൗകര്യമുണ്ട്